Statement by Minister correcting an answer previously given.

Minisier for Public Health (**Shri M. P. Govindan Nair**): Sir, I may be permitted to correct an answer to a question, placed on the Table.

Mr. Speaker: Yes.

ശ്രീ. എം. പി. ഗോവിന്ദൻ നായർ: 20–2–1964-ലെ 312 (31)-ാമത്തെ ചോദ്യത്തിന്റെ ഉത്തരത്തിൽ ചില തിരുത്തലുകൾ ചെയ്യണം.

എ–ഉപവകുപ്പിന്റെ ഉത്തരത്തിൽ 5953 അപേക്ഷകൾ എന്നുള്ളതു് 5981 എന്നാക്കണം. അതുപോലെ ബി–ഉപവകുപ്പിന്റെ ഉത്തരത്തിൽ, തൃശ്ശൂർ–1612 എന്നുള്ളതു് തൃശ്ശൂർ 1412 എന്നും, എറണാകുളം–39 എന്നുള്ളതു് എറണാകുളം–42 എന്നും, ആലപ്പുഴ–755 എന്നുള്ളതു് ആലപ്പുഴ–861 എന്നും, കോഴിക്കോടു്–1454 എന്നുള്ളതു് കോഴിക്കോടു്–1573 എന്നും, സി–ഉപവകുപ്പിന്റെ ഉത്തരത്തിൽ 151 എന്നുള്ളതു് 179 എന്നും ആക്കണം.

Mr. Speaker : It may also be placed on the Table.

UNSTARRED QUESTIONS AND ANSWERS

ടാംവേ തൊഴിലാളികൾ

109. [1] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ടാംവേ നിർത്തിയതിനെ തുടർന്നു് അതിന്റെ കീഴിൽ ജോലിചെയ്തിരുന്നവർക്കു് തുടർന്നു ജോലി നൽകുന്നതിനു് ഗവണ്മെന്റു് എടുത്ത നടപടികൾ എന്തെല്ലാം ;

(ബി) അവരിൽ എത്രപേർക്കു് ഏതെല്ലാം വകുപ്പുകളിൽ ജോലി നൽകി ;

(സി) ബാക്കി ജോലിയില്ലാതായിത്തീർന്നിട്ടുള്ളവരെത്ര ?

ഉത്തരം

(എ) ഏതാനും ആളുകളെ വനംവകുപ്പിലേക്കും ബാക്കിയുള്ളവരെ വിവിധ ഡിപ്പാർട്ടുമെന്റുകളിലായും നിയമിക്കുന്നതിനുവേണ്ട നടപടികളെടുത്തു.

(ബി) 16 പേർക്കു് ട്രാൻസ്പോർട്ട വകുപ്പിലും 2 പേർക്കു് കൃഷിവകുപ്പിലും, 14 പേർക്കു് പീതം തൃശ്ശൂർ, എറണാകുളം എന്നീ കളക്ടറേറ്റുകളിലും 31 പേർക്കു് പൊതുമരാമത്തു വകുപ്പിലും ജോലി നൽകിയിട്ടുണ്ടു്.

(സി) 6 ആളുകളെക്കൂടി പൊതുമരാമത്തു വകുപ്പിൽ എടുക്കുവാനുണ്ടു്. അവരെക്കൂടി എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിയായി വരുന്നു. ആർക്കും ജോലിയില്ലാതായിത്തീർന്നിട്ടില്ല.

സ്റ്റേഡിയങ്ങൾ

110. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് ആകെ എത്ര സ്റ്റേഡിയങ്ങളുടെ പണി തുടങ്ങിയെന്നു പറയാമോ ;

(ബി) തൃശ്ശൂർ സ്റ്റേഡിയത്തിന്റെ പണി എന്നാരംഭിച്ചു; എന്നത്തേക്കു് പൂർത്തിയാകും ;

(സി) ഇതിനു് ആകെ വരുന്ന ചെലവെത്ര ?

LIBRARY ARCHIVES Kerala Legislative Assembly